**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 264** **15-02-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മുതൽ കാസർഗോഡ് കുഞ്ചത്തൂർ വരെ, 600 കി.മീ വരുന്ന സംസ്ഥാനത്തെ തീരദേശ ഹൈവേ പദ്ധതിയുടെ 525 കി.മീ ഭാഗമാണ് കെ.ആർ.എഫ്.ബി – പി.എം.യു മുഖേന നിർമ്മിക്കുന്നത്. ഇതിൽ 463 കിമീ ഭാഗത്ത് സ്ഥലം ഏറ്റെടുക്കലിനായി 2804 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. ഇതിൽ 37.40 കി.മീ ഭാഗത്ത് സ്ഥലമേറ്റെടുക്കലിനു പുറമെ നിർമ്മാണ പ്രവൃത്തിക്കും സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി നൽകിയ ഇടങ്ങളിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവനുള്ള റവന്യൂ ഉത്തരവ്, 6 (1) നോട്ടിഫിക്കേഷൻ എന്നിവ പ്രസിദ്ധീകരിക്കുകയും 346 കി.മീ ഭാഗത്ത് കല്ലിടൽ പൂർത്തിയാക്കുകയും, 202 കി മീ ഭാഗത്ത് 4 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തു. ഇതിൽ 16.90 കി.മീ ഭാഗത്ത് സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി 11 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. 1.87 കി.മീ ഭാഗത്ത് നഷ്ടപരിഹാര തുക വിതരണം ചെയ്ത് സ്ഥലം ഏറ്റെടുത്തു. ഇതിന് പുറമെ 11.10 കി മീ ഭാഗത്തെ തീരദേശ ഹൈവേ റോഡ് നിർമാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, തീരദശ ഹൈവേയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ പൊന്നാനി അഴിമുഖത്തിന് കുറുകെ കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനും ആയതിന്റെ അപ്രോച്ച് റോഡും നിലവിലെ പൊന്നാനി ടൗണിലെ റോഡ് വീതി കൂട്ടുന്നതിനുമായി ഭൂമിയേറ്റെടുക്കൽ നടപടി 11(1) വിജ്ഞാപനം 08/11/2022 ൽ ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | തീരദേശ ഹൈവേയ്ക്കായി ഏതൊക്കെ സ്ഥലങ്ങളിലാണ് ഭൂമി ഏറ്റെടുക്കലിന് | (ബി) | തീരദേശ ഹൈവേക്കായി ഭൂമി ഏറ്റെടുക്കലിന് സാമ്പത്തിക അനുമതി നൽകിയിട്ടുള്ള സ്ഥലങ്ങളുടെ |

| | | | |
|---|---|---|---|
| | സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളത്; ഏതൊക്കെ ഭാഗങ്ങളിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞു; വിശദമാക്കുമോ; | | വിശദാംശങ്ങൾ അനുബന്ധം-1 ആയും നിർമ്മാണം പൂർത്തീകരിച്ച ഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയും ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത ഹൈവേയ്ക്കായി ഭൂമി വിട്ടു നൽകുന്നവർക്കുള്ള പ്രത്യേക പുനരധിവാസ പാക്കേജിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ പദ്ധതിക്കുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത് THE RIGHT TO FAIR COMPENSATION AND TRANSPARENCY IN LAND ACQUISITION, REHABILITATION AND RESETTLEMENT ACT, 2013 (RFCTLARR) അടിസ്ഥാനമാക്കിയാണ്. ഇതിനു പുറമെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് 10.03.2023 ൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. തീരമേഖലയുടെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഭൂമി വിട്ടുനൽകുന്നവർക്ക് സമഗ്രമായ പ്രത്യക പുനരധിവാസ പാക്കേജാണ് തയ്യാറാക്കിയിട്ടുള്ളത്. ജനങ്ങൾക്ക് മാന്യമായ പുനരധിവാസം ഉറപ്പാക്കുന്നതാണ് ഈ പാക്കേജ്. പാക്കേജിനെ 2 വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു. ഉടമസ്ഥാവകാശ രേഖകൾ ഉള്ളവർ കാറ്റഗറി ഒന്നിൽ ഉൾപ്പെടും. കാറ്റഗറി ഒന്നിൽ ഉൾപ്പെട്ടവർ സ്ഥലം വിട്ടുനൽകുമ്പോൾ ചട്ടപ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കും. കെട്ടിടം ഏറ്റെടുക്കുമ്പോൾ കെട്ടിടത്തിന് കണക്കാക്കുന്ന തുകയിൽ നിന്ന് ഡിപ്രീസിയേഷൻ മൂല്യം കിഴിച്ച്, സോലേഷ്യം നൽകി, ഡിപ്രീസിയേഷൻ വാല്യൂ കൂട്ടി, കൂട്ടിയതുക നഷ്ടപരിഹാരം ലഭിക്കും. അതോടൊപ്പം പുനരധിവസിക്കപ്പെടുന്ന കുടുംബങ്ങൾക്ക് 600 sqft ഫ്ളാറ്റ്/ അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകും.ഉടമസ്ഥാവകാശ രേഖകൾ ഇല്ലാത്തവരെ കാറ്റഗറി രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് കെട്ടിട വിലയുടെ ഡിപ്രീസിയേഷൻ മൂല്യം കിഴിക്കാതെയുള്ള തുക നഷ്ടപരിഹാരമായി നൽകും. അതോടൊപ്പം പുനരധിവസിക്കപ്പെടുന്നവർക്ക് 600 ചതുരശ്രഅടി ഫ്ളാറ്റ്/ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകും.പുനരധിവാസ പാക്കേജ് നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

തീരദേശ ഹൈവേ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിന് സാമ്പത്തിക അനുമതി ലഭ്യമായ റീച്ചുകളുടെ വിവരങ്ങൾ

| ജില്ല | നീളം | സ്ഥലങ്ങൾ |
|---|---|---|
| തിരുവനന്തപുരം | 74.01 കി.മീ | പൊഴിയൂർ മുതൽ കാപ്പിൽ വരെ( 4 റീച്ചുകൾ) |
| കൊല്ലം | 41.51 കി.മീ | കാപ്പിൽ മുതൽ അഴീക്കൽ വരെ(3 റീച്ചുകൾ) |
| ആലപ്പുഴ | 55.04 കി.മീ | വലിയഴീക്കൽ മുതൽ തോട്ടപ്പള്ളി വരെ, SH ബൈപ്പാസ്സ് ക്രോസ്സിംഗ് മുതൽ സൌത്ത് ചെല്ലാനം വരെ (2 റീച്ചുകൾ) |
| എറണാകുളം | 48 കി.മീ | സൌത്ത് ചെല്ലാനം മുതൽ മുനമ്പം വരെ(2 റീച്ചുകൾ) |
| തൃശ്ശൂർ | 61.94 കി.മീ | മുനമ്പം മുതൽ കാപ്പിരിക്കാട് വരെ (3 റീച്ചുകൾ) |
| മലപ്പുറം | 36.14 കി.മീ | പടിഞ്ഞാറെക്കര മുതൽ മുദിയം പാലം വരെ (5 റീച്ചുകൾ) |
| കോഴിക്കോട് | 50.51 കി.മീ | കടലുണ്ടി ക്കടവ് മുതൽ മറ്റത്തിൽ പാടം വരെ, ബി.സി റോഡ് മുതൽ കോതി ബീച്ച് വരെ, പുതിയാപ്പാ ഹാർബർ മുതൽ കുഞ്ഞാലിമരക്കാർ പാലം വരെ (11 റീച്ചുകൾ) |
| കണ്ണൂർ | 39.47 കി.മീ | മാഹി ബ്രിഡ്ജ് മുതൽ പയ്യാമ്പലം വരെ, മീൻകുന്ന് മുതൽ ചാൽ വരെ, പാലക്കോട് മുതൽ കുന്നരു വരെ (3 റീച്ചുകൾ) |
| കാസർഗോഡ് | 56.59 കി.മീ | പാണ്ടിയാലക്കടവ് മുതൽ പന്നിക്കുന്ന് വരെ (2 റീച്ചുകൾ) |

## അനുബന്ധം-2

## നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞ റീച്ചുകളുടെ വിവരങ്ങൾ

| ജില്ല | നീളം | സ്ഥലങ്ങൾ |
|---|---|---|
| മലപ്പുറം | 10.10 കി.മീ | പടിഞ്ഞാറെക്കര മുതൽ ഉണ്ണിയാൽ റീച്ചിൽ 6.25 കിമീ യും മുഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെ 3.85 കി.മീ യും വരെയുള്ളറീച്ചിൽ 6.25 കിമീ യും മുഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെ 3.85 കി.മീ യും റീച്ചിൽ 6.25 കിമീ യും മുഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെ 3.85 കി.മീ യും |
| കോഴിക്കോട് | 1 കി.മീ | ഏലത്തൂർ കോരപ്പുഴ പാലം |